(ബി) നോർക്ക മുഖാന്തിരംമാത്രം നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ; സർക്കാർ മുഖാന്തിരം നേഴ്സിംഗ് റിക്രൂട്ട്മെന്റ് നടത്തണമെന്ന നിലപാട് സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിദേശ രാജ്യങ്ങളിലേക്ക് തൊഴിൽതേടിപോകുന്ന ഇന്ത്യൻ നേഴ്സുമാരുടെ സുരക്ഷിതത്വം മുൻനിർത്തിയും വിദേശരാജ്യങ്ങളിലെ തൊഴിൽ ചൂഷണവും പീഡനവും തടയുക എന്ന ലക്ഷ്യത്തോടെയും 18 ഇ.സി.ആർ. രാജ്യങ്ങളിലേയ്ക്കുള്ള ഇന്ത്യൻ നേഴ്സുമാരുടെ നിയമനം 31-5-2015 മുതൽ കേരള സർക്കാർ ഏജൻസികളായ നോർക്ക റൂട്ട്സ്, ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ODEPC), തമിഴ്നാട് സർക്കാർ ഏജൻസിയായ ഓവർസീസ് മാൻപവർ കോർപ്പറേഷൻ ലിമിറ്റഡ് (OMC Ltd), ചെന്നൈ എന്നിവർ മുഖാന്തരം മാത്രമേ അനുവദിക്കുകയുള്ളൂ എന്ന് നിഷ്കർഷിച്ച് കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനായി വിദേശരാജ്യത്തെ തൊഴിലുടമ സർക്കാരിന്റെ ഇമൈഗ്രേറ്റ് (emigrate) സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുകയും ആയത് പ്രസ്തുത രാജ്യത്തെ ഇന്ത്യൻ നയതന്ത്രകാര്യാലയം പരിശോധിച്ച് അനുമതി നൽകുന്നതനുസരിച്ച് നിയമനം നടത്തുകയും ചെയ്യാം.

(ബി) വിദേശ രാജ്യങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് സുതാര്യമായും ആക്ഷേപ രഹിതമായും കാര്യക്ഷമമായും നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് കേന്ദ്രസർക്കാർ പുതിയ വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമൂലം സുരക്ഷിത കുടിയേറ്റം ഉറപ്പാക്കാനും തൊഴിൽ ചൂഷണവും പീഡനവും ഇല്ലാതാക്കാനും ഭീമമായതുക ഈടാക്കി നിയമനം നടത്തുന്ന റിക്രൂട്ടിംഗ് ഏജൻസികളുടെ ചൂഷണം അവസാനിപ്പിക്കാനും കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി റിക്രൂട്ട്മെന്റ് നടപടികൾ സുതാര്യമായി നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ നോർക്ക റൂട്ട്സ് പൂർത്തിയാക്കിയിട്ടുണ്ട്.

നിതാഖത്ത്

91 (1459) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇറാഖ്, ലിബിയ, യെമൻ തുടങ്ങിയ രാജ്യങ്ങളിൽ യുദ്ധമുണ്ടായപ്പോഴും സൗദി അറേബ്യയിൽ നിതാഖത്ത് ഏർപ്പെടുത്തിയപ്പോഴും നേപ്പാളിൽ ഭൂമികുലുക്കം

LIBRARY ARCHIVES Kerala Legislative Assembly

നേരിട്ടപ്പോഴും വിദേശ മലയാളികളെ നാട്ടിലെത്തിക്കുന്നതിനും മറ്റുമായി ചെലവായ തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഓരോ സംഭവത്തിലും നാട്ടിലേക്ക് എത്തിക്കപ്പെട്ട കുടുംബങ്ങളുടെ സംരക്ഷണത്തിനായി ചെലവായ തുക എത്രയാണ് ?

ഉത്തരം

(എ&ബി) വിദേശരാജ്യങ്ങളിൽ യുദ്ധം/പ്രകൃതിക്ഷോഭം/സ്വദേശിവത്കരണം എന്നിവമൂലം കേരളീയരെ നാട്ടിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ ചെലവായ തുകയുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. ഏകദേശകണക്ക് ചുവടെ ചേർക്കുന്നു :

വിദേശ രാജ്യങ്ങൾ	ചെലവായ തുക
ഇറാഖ്	33,90,346
ലിബിയ	
യെമൻ	1,09,17,830
നേപ്പാൾ	1,28,795
നിതാഖത്ത്	46,08,971

നേഴ്സുമാരെ റിക്രൂട്ട് ചെയ്തതിലെ തട്ടിപ്പ്

92 (1460) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ഏജൻസികൾ വിദേശത്തേക്ക് നേഴ്സുമാരെ റിക്രൂട്ട് ചെയ്തതിലെ തട്ടിപ്പുമായി ബന്ധപ്പെട്ട സി.ബി.ഐ. അന്വേഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സി.ബി.ഐ. നടത്തിയ അന്വേഷണത്തിൽ പ്രതികളായ ആരെങ്കിലും സംസ്ഥാനത്ത് നിന്ന് നേഴ്സിംഗ് റിക്രൂട്ട്മെന്റ് നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സി.ബി.ഐ. അന്വേഷണത്തിന്റെ വിശദാംശങ്ങൾ സർക്കാരിൽ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly